"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - IPRD Fact Check ഡിവിഷന്റെ തുടർപ്രവർത്തനങ്ങൾക്കായി സി-ഡിറ്റ് വഴി നിയമിക്കുന്ന ഗ്രാഫിക് ഡിസൈനർ, സോഷ്യൽ മീഡിയ എഡിറ്റർ എന്നിവരെ നിയമിക്കുന്നതിനും ശമ്പളം നൽകുന്നതിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.99/2020/ഐ & പി.ആര്** തീയതി,തിരുവനന്തപുരം, 14/07/2020

പരാമർശം:- 1 22.06.2020 ലെ സ.ഉ (സാധാ) നം. 87/2020/ഐ&പിആർ.

2 07.05.2020ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

3 05.05.2020 ൽ സി-ഡിറ്റ് രജിസ്ട്രാർ സമർപ്പിച്ച പ്രൊപ്പോസൽ.

**ഉത്തരവ്**

"2220-60-800-78 വെബ് ആൻഡ് ന്യൂ മീഡിയ" ശീർഷകത്തിലെ ആകെ ബജറ്റ് വിഹിതം 2 കോടി രൂപയാണ്. കോവിഡ് 19 നിയന്ത്രണ കാലയളവിൽ വ്യാജവാർത്തകൾ കണ്ടെത്തി നടപടികൾ എടുക്കുന്നതിന് വകുപ്പിന്റെ കീഴിൽ ഫാക്ട് ചെക് ഡിവിഷന് രൂപീകരിച്ചും, ഇതിന്റെ പ്രവർത്തനലക്ഷ്യങ്ങൾ, വിപുലീകരണം, ഘടന എന്നിവയുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. IPRD Fact Check ഡിവിഷന്റെ തുടർപ്രവർത്തനങ്ങൾക്കായി സി - ഡിറ്റിൽ നിന്നുള്ള മാനവവിഭവശേഷി (ഒരു ഡിസൈനർ, രണ്ട് സോഷ്യൽ മീഡിയ എഡിറ്റേഴ്സ്) ഉപയോഗിക്കുന്നതിനും, ഡിവിഷന്റെ പ്രവർത്തനത്തിന് ആവശ്യമായ വെബ് സൈറ്റ് (factcheck.kerala.gov.in) രൂപകൽപ്പന ചെയ്യുന്നതിനും സി.ഡിറ്റിനെ യാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. സി-ഡിറ്റ് വഴി നിയമിക്കുന്ന ഗ്രാഫിക് ഡിസൈനർ, സോഷ്യൽ മീഡിയ എഡിറ്റർ എന്നിവർക്ക് ശമ്പളം നൽകുന്നതിനായി 13,34,280/- രൂപ യുടെ പ്രൊപ്പോസൽ പരാമർശം (2) പ്രകാരം സി- ഡിറ്റ് നൽകിയിട്ടുണ്ട്. പരാമർശം (2) പ്രകാരം കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം 13.34 ലക്ഷം രൂപയുടെ പ്രോപ്പോസൽ അംഗീകരിച്ചു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. IPRD Fact Check ഡിവിഷന്റെ തുടർപ്രവർത്തനങ്ങൾക്കായി സി-ഡിറ്റ് വഴി നിയമിക്കുന്ന ഗ്രാഫിക് ഡിസൈനർ, സോഷ്യൽ മീഡിയ എഡിറ്റർ എന്നിവരെ നിയമിക്കുന്നതിനും ശമ്പളം നൽകുന്നതിനുമായി 13,34,280/- രൂപ ചെലവഴിക്കുന്നതിന് "2220-60-800-78 വെബ് സൈറ്റ്സ് ആൻഡ് ന്യൂ മീഡിയ" എന്ന ശീർഷകത്തിൽ നിന്നും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. തുടർ നടപടികൾ

ഇൻഫർമേഷൻ ഓഫീസർ (പ്ലാനിംഗ് & ഡെവലപ്മെന്റ്) സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മേരി ലാലി.സി.വൈ**
**ഡെപ്യൂട്ടിസെക്രട്ടറി**

രജിസ്ട്രാർ, സിഡിറ്റ്, വെള്ളയമ്പലം, തിരുവനന്തപുരം.

അഡീഷണൽ ഡയറക്ടർ (ഇ.എം.ഡി/ജനറൽ)

ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (പ്ലാനിംഗ് & ഡെവലപ്മെന്റ്)

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ധനകാര്യ വകുപ്പ്

ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ്

ഐടി വകുപ്പ്

ഐ&പി ആർ(ബി) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

സെക്രട്ടറിയുടെ പി എ ക്ക്

ഡയറക്ടറുടെ സി എ ക്ക്